# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 658          12.07.2012-ൽ മറുപടിയ്ക്ക്

## ടൂറിസം വികസന രംഗത്ത് സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.സിപി.മുഹമ്മദ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും, ഖാദിഗ്രാമ വ്യവസായവും, മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വികസന രംഗത്ത് സഹകരണ വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ അംഗങ്ങളാക്കിക്കൊണ്ട് ടൂറിസം സഹകരണ സ്ഥാപനങ്ങളുടെ അപ്പക്സ് സ്ഥാപനമായി കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ നമ്പർ.4469 (ടൂർഫെഡ്) രജിസ്റ്റർ ചെയ്ത് നൽകുകയുണ്ടായി.<br><br>കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിൽക്കൂടി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയുർവേദം, കൈത്തറി, കയർ മറ്റു ചെറുകിട വ്യവസായ അനുബന്ധ മേഖലകൾ എന്നിവയെ സഹകരണ വിനോദസഞ്ചാരം മുഖേന പ്രോത്സാഹിപ്പിക്കുന്നു. ആയതിനായി സഹകരണ സംഘങ്ങളിൽക്കൂടി വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതി പ്രകാരവും എൻ.സി.ഡി.സി. പദ്ധതി പ്രകാരവും ധനസഹായം നൽകിവരുന്നു.<br><br>2012-2013 സാമ്പത്തിക വർഷത്തിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും കുറഞ്ഞ ചിലവിൽ താമസ സൗകര്യം നൽകുന്ന ത്രിവേണി ഗസ്റ്റ് ഹൗസുകൾ ആരംഭിക്കുന്നതിനും, എൻ.സി.ഡി.സി. സഹായത്തോടുകൂടി വിനോദ സഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങളുടെ പ്രവർത്തന പരിധിക്കകത്ത് ടൂറിസം പ്രോജക്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ, ടൂർ പാക്കേജുകൾ എന്നിവയ്ക്കായി ധനസഹായം നൽകിവരുന്നു. അതിനായി സംസ്ഥാന പദ്ധതിയിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 50000/- രൂപ വീതവും സംസ്ഥാന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.<br><br>എൻ.സി.ഡി.സി. പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകിവരുന്നു. |
| (സി) | സംഘങ്ങൾക്ക് ഓഹരിയും സബ്സിഡിയും നൽകുന്നകാര്യം ആലോചിക്കുമോ; വിശദമാക്കുമോ ? | (സി) | സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി പ്രകാരം ഓഹരി/സബ്സിഡി നൽകുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ